പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6987 13/07/2012-ൽ മറുപടിക്ക്.

## തൊഴിൽ വകുപ്പിനുകീഴിലുള്ള തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക

ചോദ്യം

ശ്രീ. വി. ചെന്താമരാക്ഷൻ

മറുപടി

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

തൊഴിൽ വകുപ്പിനുകീഴിലുള്ള ക്ഷേമ നിധി അംഗങ്ങളുടെയും കയർ തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളികളുടെയും പെൻഷൻ ഏത് തീയതിവരെയുള്ളതാണ് ഇതിനകം നൽകിയിട്ടുള്ളതെന്നും എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും വെളിപ്പെടുത്തുമോ ?

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകൾ ഒഴികെയുള്ള തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന എല്ലാ ക്ഷേമനിധി ബോർഡുകളിലും പെൻഷൻ കൃത്യമായി വിതരണം ചെയ്ത് വരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകൾക്ക് 30/04/2012 വരെയുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനാവശ്യമായ തുക നൽകിയിട്ടുണ്ട്.

കയർ തൊഴിലാളി ക്ഷേമനിധി പെൻഷൻ 31/01/2012 വരെയും മത്സ്യത്തൊഴിലാളി ക്ഷേമനിധി പെൻഷൻ 31/03/2012 വരെയും ഉള്ളത് കൊടുത്തുതീർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ